I ഇ.ബി. XII - കേരള നിയമസഭ/XV-24

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 29, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

ഭൈറോൺ സിംഗ് ഷെഖാവത്ത്, എം.പി. താമി, ബി.എം. ഷെറീഫ് എന്നിവരുടെ നിര്യാണം

മുൻ ഉപരാഷ്ട്രപതിയും ബി.ജെ.പി. നേതാവുമായിരുന്ന ഭൈറോൺ സിംഗ് ഷെഖാവത്ത്, മുൻ നിയമസഭാംഗവും കോൺഗ്രസ്സ് നേതാവുമായിരുന്ന എം.പി. താമി, മുൻ നിയമസഭാംഗവും സി.പി.ഐ. സംസ്ഥാന കൺട്രോൾ കമ്മീഷൻ അംഗവും കൊല്ലം ജില്ലാ സഹകരണബാങ്ക് പ്രസിഡന്റുമായിരുന്ന ബി.എം. ഷെറീഫ് എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## അടിയന്തിരപ്രമേയം

ആദിവാസി ഭൂമി

മി. സ്പീക്കർ: അട്ടപ്പാടിയിലെ ആദിവാസി ഭൂമി തട്ടിയെടുക്കുന്ന ഭൂമാഫിയയ്ക്കെതിരെ പാലക്കാട് ജില്ലാകളക്ടർ ഗവൺമെന്റിന് നൽകിയ റിപ്പോർട്ട് അംഗീകരിച്ച് മേൽനടപടിയെടുക്കുന്നതിനുപകരം ആറംഗ സമിതിയെ നിയോഗിക്കാൻ മന്ത്രിസഭ തീരുമാനമെടുത്തതിനാൽ ജില്ലാ കളക്ട ർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചാൽ ഉടൻ ശക്തമായ നടപടി സ്വീകരിക്കുമെന്നും ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരികെ നൽകു മെന്നും ബഹുമാനപ്പെട്ട മന്ത്രി എ.കെ. ബാലൻ സഭയ്ക്ക് നൽകിയ ഉറപ്പ് ലംഘിക്കപ്പെട്ടതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാ കൃഷ്ണൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.പി. മോഹനൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): മണ്ണാർക്കാട് താലൂക്കിലെ കോട്ടത്തറ വില്ലേജിൽ 1275, 1273 സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമി ആദിവാസികളിൽ നിന്ന് അന്യാധീനപ്പെടുത്തിയതായുള്ള ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാകളക്ടറെ അന്വേഷണത്തിനായി ചുമതലപ്പെടുത്തുകയും അന്വേഷണ ത്തിന്റെ ഭാഗമായി അഗളി സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും രേഖകളുടെ പരിശോധന നടത്തുകയുമുണ്ടായി. കോട്ടത്തറ വില്ലേജിലെ 1987 മുതലുള്ള രേഖകൾ പരിശോധിക്കുകയും തുടർന്ന് കോട്ടത്തറ വില്ലേജിൽ വച്ച് ഒറ്റപ്പാലം

ആർ.ഡി.ഒ., പാലക്കാട് ജില്ലാ രജിസ്ട്രാർ, മണ്ണാർക്കാട് ഡി.എഫ്.ഒ. എന്നിവരുടെ സാന്നിധ്യത്തിൽ തെളിവെടുപ്പ് നടത്തുകയും തെളിവെടുപ്പുവേളയിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട സ്ഥലങ്ങൾ ഉദ്യോഗസ്ഥന്മാർ നേരിട്ട് പരിശോധിക്കുകയും സർവ്വേ നമ്പർ 1275-ൽ 1987 മുതൽ 2008 വരെയുള്ള കാലയളവിൽ നൂറിലധികം കൈമാറ്റങ്ങൾ നടന്നതായി കണ്ടെത്തുകയുമുണ്ടായി. 2006 മുതലുള്ള കൈമാറ്റങ്ങളിൽ ഭൂരിഭാഗവും കാറ്റിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന സ്ഥാപനമായ സൂസ്‌ലോൺ ഇൻഫ്രാസ്ട്രക്ച്ചറിന്റെ ഉപസ്ഥാപനമായ സാർജന്റ് റിയാലിറ്റീസിന്റെ പേരിൽ നടന്നതായും കാറ്റാടി യന്ത്രം സ്ഥാപിച്ച് 1.2 ഏക്കർ വീതം പ്ലോട്ടുകളായി വീണ്ടും വിൽപ്പന നടത്തിയതായും കണ്ടെത്തി. പട്ടയങ്ങളിൽ ഇരട്ടിപ്പ് നടന്നതായും സംശയിക്കപ്പെടുന്നു. സർവ്വേ നമ്പർ 1275-ന്റെ ആകെ വിസ്തീർണ്ണം 182.35 ഏക്കറാണെങ്കിലും കൈമാറ്റം പരിശോധിച്ചതിൽ ഇരുന്നൂറ് ഏക്കറിലധികം ഭൂമി ആധാരം ചെയ്തതായി കാണുന്നു. കുറ്റങ്ങളുടെ വ്യാപ്തി പരിശോധിക്കുന്നതിനും തെളിവുകൾ നശിപ്പിക്കപ്പെടാതിരിക്കുന്നതിനും വില്ലേജ് ഓഫീസറെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയുണ്ടായി. അട്ടപ്പാടി മേഖലയിലെ മറ്റ് വില്ലേജുകളിലും അന്വേഷണം നടത്തേണ്ടതുണ്ടെന്ന് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് പരിശോധിച്ച് മന്ത്രിസഭ ഇത് സംബന്ധിച്ച് തീരുമാനമെടുക്കുമെന്നാണ് കഴിഞ്ഞ ദിവസം ശ്രീ. എ.കെ. ബാലൻ സഭയിൽ പറഞ്ഞത്. ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ സംയോജിത അന്വേഷണം ആവശ്യമായതിനാൽ അപ്രകാരം അന്വേഷണം നടത്തുന്നതിനും ഓരോ വകുപ്പിലും സ്വീകരിക്കേണ്ട നടപടി

കളെ സംബന്ധിച്ച് വ്യക്തമായ ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ), പ്രിൻസിപ്പൽ സെക്രട്ടറി (എസ്.സി./എസ്.ടി. വകുപ്പ്), നികുതി, വനം, തദ്ദേശസ്വയംഭരണം, നിയമം എന്നീ വകുപ്പ് സെക്രട്ടറിമാർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്താനും ഈ കമ്മിറ്റി ഒരു മാസത്തിനകം ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെടാനും ഇന്നലെ ചേർന്ന മന്ത്രിസഭ തീരുമാനിച്ചു. അതോടൊപ്പം നിലവിൽ ജില്ലാകളക്ടറും റവന്യൂ ഡിവിഷണൽ ഓഫീസറും സ്വീകരിച്ചുവരുന്ന മറ്റ് നടപടികൾ തുടരേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്. വളരെ ശക്തമായ നടപടികൾ ഗവൺമെന്റ് എടുത്തുകഴിഞ്ഞിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടികളുണ്ടാകും. അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനും ആദിവാസി ഭൂമി സംരക്ഷിക്കുന്നതിനും ഈ ഗവൺമെന്റ് പ്രത്യേക പരിഗണനയും പ്രാധാന്യവും കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ജില്ലാകളക്ടർ നൽകിയ അന്വേഷണ റിപ്പോർട്ടിൽ കോട്ടത്തറ വില്ലേജിലെ ആദിവാസി ഭൂമിയിൽ നടന്നിട്ടുള്ള ആധാര തിരിമറികളെക്കുറിച്ചും ഭൂമി തട്ടിപ്പിനെക്കുറിച്ചും വിശദമായി പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ രണ്ടാമതൊരു അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു മാസത്തെ സാവകാശം നൽകിയതിന്റെ കാരണം സർക്കാർ വ്യക്തമാക്കണം. പ്രതിപക്ഷത്തെ ചില അംഗങ്ങൾ സ്ഥലം സന്ദർശിക്കുകയും സത്യാവസ്ഥ പുറത്തുവരുമെന്ന് ബോദ്ധ്യമാവുകയും ചെയ്തപ്പോഴാണ് സാർജന്റ് റിയാലിറ്റീസ് കമ്പനിയുടെ

പേരിൽ തിരിമറി നടത്തിയ ആളുകൾക്കെതിരെ നടപടിയെടുക്കാതെ ആദിവാസി സ്ത്രീയായ വില്ലേജ് ആഫീസറെ സസ്പെന്റ് ചെയ്തത്. ആദിവാസികളെ രക്ഷിക്കുന്നതിനുവേണ്ടി രൂപീകരിച്ച അഹാർഡ്സിൽ നിന്നാണ് രഹസ്യരേഖകൾ പുറത്തുപോയിട്ടുള്ളത്. ഭരണത്തിലെ ഉന്നതസ്ഥാനീയരുടെ പങ്ക് പുറത്തുവരാതിരിക്കാനും പൂന, ഗുജറാത്ത് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തുന്ന റിയൽ എസ്റ്റേറ്റ് മാഫിയകളെ രക്ഷിക്കാനുംവേണ്ടിയാണ് സസ്പെൻഷൻ നടത്തുകയും രണ്ടാമതൊരു അന്വേഷണം നടത്തുന്നതിന് ഉത്തരവിടുകയും ചെയ്തിട്ടുള്ളത്. കോട്ടത്തറ വില്ലേജിലെ വസ്തു കൈമാറ്റത്തിലൂടെ നടന്ന വമ്പിച്ച തട്ടിപ്പ് പുറത്തുവന്ന സാഹചര്യത്തിൽ ഭൂമി തിരിച്ചുപിടിച്ച് ആദിവാസികൾക്ക് നൽകുകയും നടന്ന ആധാരങ്ങൾ റദ്ദ് ചെയ്യുകയും കാറ്റാടി കമ്പനിയുടെ പ്രവർത്തനം നിറുത്തലാക്കുകയും ചെയ്യണം. ഷോളയൂർ, അഗളി വില്ലേജ് ആഫീസുകളിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തണം. വ്യാജ ആധാരങ്ങൾ രജിസ്റ്റർ ചെയ്ത അഗളിയിലെ സബ് രജിസ്ട്രാർ ആഫീസിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>): അട്ടപ്പാടിയിലെ 6 വില്ലേജുകളിലായി നടന്നിട്ടുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച് അന്വേഷിക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയത് ഈ സർക്കാരാണ്. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് അവർക്ക് നൽകാനും കുറ്റക്കാരെ ശിക്ഷിക്കാനുമാണ് ചീഫ് സെക്രട്ടറിയുടെ

നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി അന്വേഷണം നടത്തുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമി തിരിമറിയുമായി ബന്ധപ്പെട്ട വിഷയത്തിൽ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് പ്രതിപക്ഷത്തിന്റെ സഹായം ഉണ്ടാകണം. ഈ പ്രശ്നം ഐ.ടി.ഡി.പി.-യുടെ പ്രോജക്ട് ഓഫീസർ 07-05-2010-ൽ ജില്ലാകളക്ടർക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് പരിശോധിക്കാൻ ആർ.ഡി.ഒ-യ്ക്ക് 07-06-2010-ന് നിർദ്ദേശം കൊടുത്തതിനെത്തുടർന്ന് 03-07-2010, 09-07-2010, 22-07-2010 എന്നീ തീയതികളിൽ തെളിവെടുപ്പ് നടത്തുകയും 24-07-2010-ന് പാലക്കാട് ജില്ലാകളക്ടർ ഗവൺമെന്റിന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. 21-07-2010-ന് ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം ഉന്നയിച്ച അടിയന്തിരപ്രമേയത്തിന് കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. ഈ ക്രമക്കേടുകൾ മറ്റ് ഇടപാടുകളിലുമുണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ഒരു പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ച് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കണമെന്ന ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിശദമായ പരിശോധന നടത്താൻ സർക്കാർ തീരുമാനിച്ചത്. സാർജന്റ് റിയാലിറ്റീസ് ഭൂമി വാങ്ങിയ രേഖകൾ പരിശോധിച്ചതിൽ സർവ്വേ നമ്പർ 1275-ൽ 24 ആധാരങ്ങളും സർവ്വേ നമ്പർ 1273-ൽ 2 ആധാരങ്ങളും നടന്നിട്ടുള്ളതായി കാണുന്നുവെന്നും 1987 വരെയുള്ള മുൻ ആധാരങ്ങൾ പരിശോധിച്ചതിൽ ആദിവാസികൾ നേരിട്ട്

കൈമാറ്റം ചെയ്തതായി കാണുന്നില്ലെന്നും കളക്ടറുടെ റിപ്പോർട്ടിൽ എടുത്തു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ 24-01-1986-ന് ശേഷമുള്ള കൈമാറ്റങ്ങൾ നിയമവിരുദ്ധമാണെന്ന് പറയാനും കഴിയില്ല. സ്വാഭാവിക മായും ആധാരങ്ങൾ കൈമാറിയത് 1986-നുമുമ്പാകാം. ആറേഴു കൈമാറ്റ ങ്ങൾക്കുശേഷമാണ് സാർജന്റ് റിയാലിറ്റീസിന് ഈ ഭൂമി കിട്ടുന്നത്. സാർജന്റ് റിയാലിറ്റീസിനുപുറമേ അഡയാർ ഫാമും കള്ളമല മൾട്ടി പർപ്പസ് ചാരിറ്റബിൾ സൊസൈറ്റിയും ഭൂമി വാങ്ങിയിട്ടുണ്ടെന്ന് കളക്ടറുടെ റിപ്പോർട്ടി ലുണ്ട്. ഈ സ്ഥാപനങ്ങൾ ആദിവാസികളിൽനിന്ന് നേരിട്ട് വാങ്ങിയ ഭൂമിയല്ല. റെസീപ്റ്റിന്റെയും കൈവശ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാന ത്തിൽ ആറ് ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുകയും രജിസ്റ്റർ ചെയ്യപ്പെട്ട ആധാരങ്ങൾക്ക് രണ്ട് മാസത്തിനുള്ളിൽ വില വർദ്ധിക്കുകയും ഡ്യൂപ്ലിക്കേറ്റ് ആധാരങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, ടാക്സസ്, രജിസ്ട്രേഷൻ, വനം, നിയമ വകുപ്പുക ളിലെ സെക്രട്ടറിമാർ എന്നിവരടങ്ങുന്ന ഉന്നതതല കമ്മിറ്റിയാണ് ഇതുസംബ ന്ധിച്ച് പരിശോധന നടത്തുന്നത്. ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ ആദിവാസികളുടെ ഭൂമി ഒരു സെന്റ് ഭൂമിപോലും നഷ്ടപ്പെടാതെ തിരി ച്ചെടുക്കണമെന്നുള്ളതാണ് സർക്കാരിന്റെ നയം. പ്രാഥമിക അന്വേഷണത്തിൽ കുറ്റക്കാരിയായ ഒരു ഉദ്യോഗസ്ഥയെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഈ ഭൂമിയി ന്മേൽ 5-ാമത്തെ കൈമാറ്റമാണ് ഇപ്പോൾ നടന്നിട്ടുള്ളതെന്നതിനാൽ ഈ ഭൂമി യുടെ അടിയാധാരങ്ങളെല്ലാം പരിശോധിക്കേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം 17,100 ആദിവാസികൾക്ക് 17,000 ഏക്കർ

ഭൂമി വിതരണം ചെയ്തത് വ്യാജ ആധാരമാണെന്ന പ്രചരണം ശരിയല്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ തിരുത്താൻ സർക്കാർ തയ്യാറാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : റവന്യൂ വകുപ്പുമന്ത്രിയും പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും ഇതു സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുമെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. സാർജന്റ് റിയാലിറ്റീസ് നടത്തിയ ഭൂമി ഇടപാടിനെ സംബന്ധിച്ച് കളക്ടറുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നടപടി സ്വീകരിച്ചതിനുശേഷം മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കേണ്ടതുള്ളൂ. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘത്തിന് കൂടുതൽ കാര്യങ്ങൾ വെളിച്ചത്തുകൊണ്ടുവരാൻ കഴിയും. വിശദമായ അന്വേഷണത്തിനുശേഷം ജില്ലാകളക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കുറ്റങ്ങൾക്കെതിരെ നടപടിയെടുക്കാത്തതിനെയാണ് പ്രതിപക്ഷം ചോദ്യം ചെയ്യുന്നത്. അട്ടപ്പാടി, ഷോളയാർ ഗ്രാമപഞ്ചായത്തിൽ നല്ലശിങ്ക, വനരംപാടി പ്രദേശങ്ങളിൽ സൂസ്ലോൺ ഇൻഫ്രാസ്ട്രക്ച്ചർ എന്ന സ്ഥാപനം കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസികളുടെ ഭൂമി തട്ടിയെടുത്തുവെന്നും അവരുടെ സ്ഥലങ്ങൾ കയ്യേറിയെന്നും കഴിഞ്ഞ ദിവസങ്ങളിൽ ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിലാണ് ഇതുസംബന്ധിച്ച് പ്രാഥമിക അന്വേഷണം സ്പെഷ്യൽ എക്സ്റ്റെൻഷൻ ഓഫീസറുടെ നേതൃത്വത്തിൽ നടത്തിയതെന്നാണ് ഐ.ടി.ഡി.പി. ഓഫീസറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാ

ണിക്കുന്നത്. ഡിപ്പാർട്ട്മെന്റ് തന്നെ ക്രമക്കേട് കണ്ടുപിടിച്ചതിന്റെ അടിസ്ഥാന ത്തിലാണ് അന്വേഷണം നടത്തിയതെന്ന മന്ത്രിയുടെ വാദം തെറ്റാണ്. 21-07-2010-ന് സഭയിൽ ഈ വിഷയം ചർച്ച ചെയ്തതിനുശേഷം 24-07-2010-നാണ് കളക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. 17-05-2010-ന് ഐ.ടി.ഡി.പി.യുടെ റിപ്പോർട്ട് ലഭിച്ചിട്ടും ആദിവാസികളുടെ ഭൂമി തട്ടിയെടു ത്തുവെന്ന് വ്യക്തമായിട്ടുള്ള റിപ്പോർട്ടിന്മേൽ നടപടിയെടുക്കാൻ കഴിഞ്ഞില്ല. തെളിവെടുപ്പിൽ ഭൂമികളിൽ പലതും അടുത്തകാലം വരെ കൈവശം വച്ചിരു ന്നതായി ആദിവാസികൾ പറയുകയും നികുതി രസീത് ഹാജരാക്കുകയും ചെയ്തു. അവരുടേതാണെന്ന് ചൂണ്ടിക്കാണിച്ച സ്ഥലത്ത് കാറ്റാടി യന്ത്ര ങ്ങൾ സ്ഥാപിച്ചതായും സാർജന്റ് റിയാലിറ്റീസിന്റെ പേരിൽ രജിസ്റ്റർ ചെയ്ത നാല് ആധാരങ്ങളുടെ അതിരുകളിൽ പറയുന്ന കൈവശക്കാരിൽ പലരും ആദിവാസികളാണെന്നും അതുകൊണ്ട് 2006-07 കാലത്ത് ആദിവാസികൾക്ക് ഈ സർവ്വേ നമ്പരിൽ സ്ഥലമുണ്ടെന്ന് തെളിയുന്നുവെന്നുമുള്ള കളക്ടറുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളിൽ പ്രസ്തുത കമ്പനി വാങ്ങിയ ആധാരങ്ങളിൽ ആദിവാസികളിൽനിന്ന് വാങ്ങിയതായി കാണുന്നില്ല എന്ന ഭാഗം മാത്രമാണ് വകുപ്പുമന്ത്രി സഭയിൽ ഉദ്ധരിച്ചത് എന്നുള്ളത് വേദനാജനകമാണ്. കളക്ട റുടെ റിപ്പോർട്ടിൽ പരാമർശിക്കുന്ന ആധാരങ്ങളുടെ ഡേറ്റ് പരിശോധിച്ചാൽ അത് ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷമുള്ളതാണെന്ന് കാണാം. പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടും കമ്പനിക്ക് കോടതിയിൽ പോകാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കാനുമാണ് കളക്ട റുടെ റിപ്പോർട്ടിന്മേൽ വിശദമായ അന്വേഷണം വേണമെന്നു പറഞ്ഞ് അന്വേ ഷണം നീട്ടിക്കൊണ്ടുപോകുന്നത്. കളക്ടറുടെ റിപ്പോർട്ട് നടപ്പിലാക്കാൻ

സാധിക്കുമോയെന്ന് സർക്കാർ വ്യക്തമാക്കണം. സാർജന്റ് റിയാലിറ്റീസ് വൈദ്യുതി വകുപ്പിനെ കബളിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാരിൽ നിന്നും സബ്സിഡി വാങ്ങി നടത്തുന്ന പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ സർക്കാരിന് സാധിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ.ബാലൻ): കളക്ടറുടെ റിപ്പോർട്ട് പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് അത് നടപ്പിലാക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ കമ്പനി വാങ്ങിയ സ്ഥലത്തിന്റെ ആധാരം പല കൈകളിലൂടെ കൈമാറി വന്നിട്ടുള്ളതാണ്. ഇത്തരം ആധാരങ്ങളിൽ ബോണഫൈഡ് അല്ലാത്തതുണ്ടോ എന്ന് പരിശോധന നടത്തിയശേഷം മാത്രമേ നടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് റവന്യൂ-വനം-പട്ടികജാതി/പട്ടികവർഗ്ഗം-നിയമം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ട് അന്വേഷണം നടത്തുന്നത്. അടിയാധാരം സംബന്ധിച്ചും ഭൂമിയുടെ ടൈറ്റിൽ സംബന്ധിച്ചും സമഗ്രമായ അന്വേഷണം നടത്താതെ ബന്ധപ്പെട്ട വകുപ്പുകൾക്ക് ആധാരം റദ്ദ് ചെയ്യാൻ സാധ്യമല്ല. ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള സമിതിയുടെ പരിശോധനയുടെ ഭാഗമായി ബോണഫൈഡല്ലെങ്കിൽ ആധാരങ്ങൾ റദ്ദ് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കും. പവർ പർച്ചേസ് എഗ്രിമെന്റ് വച്ചുകൊണ്ടാണ് സർക്കാർ ഈ കമ്പനിയിൽ നിന്നും വൈദ്യുതി വാങ്ങുന്നത്. കമ്പനിക്ക് രക്ഷപ്പെടാൻവേണ്ടി പഴുതുണ്ടാക്കി കൊടുക്കാനുള്ള സാഹചര്യം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഷോളയാർ വില്ലേജിൽ 1275-ാം നമ്പർ സർവ്വേയിൽപ്പെട്ട 150 ഏക്കർ സ്ഥലം 40 വർഷത്തിലേറെയായി നല്ലശിങ്ക വനരംപാടി ഊരുകളിലെ ആദിവാസികൾ കൈവശംവച്ച് അനുഭവിക്കുന്നതായും കാലാകാലങ്ങളിൽ നികുതിയടച്ച് വരുന്നതാണെന്നു മാണ് ഐ.ടി.ഡി.പി ഓഫീസറുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് മറുപടി പറയണം. കളക്ടറുടെ റിപ്പോർട്ടും ഐ.ടി.ഡി.പി പ്രോജക്ട് ആഫീസറുടെ റിപ്പോർട്ടും അനുസരിച്ച് നടപടിയെടുക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കുന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ആദ്യം തന്നെ പറഞ്ഞത്. കോടതിയിൽ കേസ് നിലനിൽക്കുന്നതിനുവേണ്ടിയാണ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കാൻ ശ്രമിക്കുന്നത്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റിലേയ്ക്ക് മടങ്ങിപ്പോകുകയും സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു.)

## ശ്രദ്ധക്ഷണിക്കൽ

(പ്രൊഫ. എൻ. ജയരാജ് സീറ്റിൽ ഇല്ലാതിരുന്നതിനാൽ ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

നഴ്സുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീമതി കെ.കെ. ലതിക : സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന കേരളീയരായ നഴ്സുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാർ ആശുപത്രി മാനേജ്മെന്റിന്റെ കടുത്ത ചൂഷണത്തിന് വിധേയരാണ്. അതിനെതിരായി ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

## നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.കെ. ദിവാകരനുവേണ്ടി ശ്രീ. എം. കെ. പുരുഷോത്തമൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള

ഉൾനാടൻ ഫിഷറി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(i) ഇനം (എഫ്) ൽ

(a) ''പ്രധാനമായും'' എന്ന വാക്കിന് ശേഷം ''ഉൾനാടൻ'' എന്ന വാക്ക് ചേർക്കുക

(b) ''എന്നർത്ഥമാകുന്നതും'' എന്ന വാക്കിനുപകരം ''എന്നർത്ഥമാകുന്നതും അതിൽ മത്സ്യക്കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളിയുടെ ഭാര്യയും മത്സ്യത്തൊഴിലാളിയുടെ വിധവയും ഉൾപ്പെടുന്നതുമാകുന്നു'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii)ഇനം (എച്ച്)-ൽ ''ബോട്ടോ'' എന്നതിനു പകരം ''യാനമോ'' എന്ന വാക്ക് ചേർക്കുക.

(iii) ഇനം (ജെ)-ൽ ''ഉറപ്പിച്ച യന്ത്രം'' എന്നീ വാക്കുകൾക്കുശേഷം ''സ്വതന്ത്ര വല'' എന്ന വാക്ക് ചേർക്കണം.

(iv) ഇനം (കെ)-ൽ ''ചൂഷണം'' എന്ന വാക്കിനുശേഷം ''ഉപയോഗപ്പെടുത്തൽ'' എന്ന വാക്ക് ചേർക്കുക.

(v) ഇനം (എൽ)-ൽ ''നീക്കം ചെയ്യുക'' എന്ന വാക്കുകൾക്കു പകരം ''പിടിച്ചെടുക്കുക'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

(vi) ഇനം (വൈ)-ൽ ''നികത്തിയെടുക്കലോ'' എന്ന വാക്കിനുപകരം ''രൂപാന്തരപ്പെടുത്തലോ'' എന്ന വാക്ക് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായും അവതരിപ്പിച്ചു.

(132) ഖണ്ഡം 2(ബി)-ൽ ''ജീവനുള്ള''എന്ന വാക്ക് ഒഴിവാക്കുക.

(134) ഖണ്ഡം 2(ഡി)-ൽ ''അധികാരപ്പെടുത്തിയേക്കാവുന്ന ഫിഷറീസ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ'' എന്നീ വാക്കുകൾക്കു പകരം ''അധികാരപ്പെടുത്തുന്ന ഫിഷറീസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ'' എന്നീ വാക്കുകൾ ചേർക്കുക.

(135) ഖണ്ഡം 2(ഇ)-ൽ ''കടലിൽ നിന്നോ കായലിൽ നിന്നോ'' എന്നീ വാക്കുകൾക്കുശേഷം ''മറ്റ് ജലാശയത്തിൽ നിന്നോ'' എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

(137) ഖണ്ഡം 2 (ഇ)-ൽ (1) ''ഉപായത്തിൽ'' എന്ന വാക്കിനുപകരം വിധത്തിൽ'' എന്നു ചേർക്കുക.

(138) ഖണ്ഡം 2(ഇ)-ൽ ''ഉപായത്തിൽ'' എന്ന വാക്കിനുപകരം ''വിധത്തിൽ''എന്നുചേർക്കുക.

(146) ഖണ്ഡം 2 (ജി)-ൽ "ജീവനുള്ള" എന്ന വാക്ക് ഒഴിവാക്കുകയും"എല്ലാ" എന്ന വാക്കിനുപകരം "വിവിധതരം" എന്ന് ചേർക്കുകയും ചെയ്യുക.

(147) ഖണ്ഡം 2 (ജി)-ൽ "ജീവനുള്ള" എന്ന വാക്ക് ഒഴിവാക്കുകയും "എല്ലാ" എന്ന വാക്കിനുപകരം "വിവിധതരം" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

(154) ഖണ്ഡം 2(ഐ)-ൽ "ശരി" എന്ന വാക്ക് നീക്കം ചെയ്യുക.

(168) ഖണ്ഡം 2 (ആർ)-ൽ ''ശീതജല-അഴിമുഖ'' എന്നീ വാക്കുകൾക്കിടയിൽ ''കായൽ ജല''-എന്ന വാക്ക് ചേർക്കുക.

(174) ഖണ്ഡം 2(ഡബ്ല്യു) ൽ (i) "സ്വകാര്യ ജലാശായം " എന്നതിലെ അക്ഷരത്തെറ്റ് തിരുത്തുക.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

3-ാം വകുപ്പ്

186, 192 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

4-ാം വകുപ്പ്

197, 199 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

5-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(204) ഖണ്ഡം 5(1)-ൽ ''പിടിക്കുന്നതിന്'' എന്ന വാക്കിന് പകരം ''പിടിക്കുന്നത്'' എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

6-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(i)ഉപഖണ്ഡം (3)-ൽ ഇനം (ഡി)-ൽ ''മലിനവസ്തുക്കൾ മൂലമോ'' എന്ന വാക്കുകൾക്കുശേഷം ''രാസവസ്തുക്കൾ മൂലമോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii)ഇനം (എൽ)-നുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്.

അതായത്:-

''(എം) ഉൾനാടൻ മേഖലയിലെ പൊതുജലാശയങ്ങളിൽനിന്നും അലങ്കാര മത്സ്യ ഇനങ്ങളെ പിടിക്കുന്നതിനും ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതും;

(എൻ) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന തദ്ദേശീയ മത്സ്യയിനങ്ങളെ പിടിക്കുകയോ, ശേഖരിക്കുകയോ, വിപണനം ചെയ്യുകയോ ചെയ്യുന്നത്;

(ഒ) ഉൾനാടൻ ജലാശയങ്ങളിൽ മോട്ടോർ ഘടിപ്പിച്ചതോ യന്ത്രവത്കൃതമോ ആയ മത്സ്യബന്ധന ഉരുക്കൾ, വലകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം.''

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായും അവതരിപ്പിച്ചു.

(206) ഖണ്ഡം 6(1)-ൽ ''സൂചിപ്പിച്ചിരിക്കുന്ന'' എന്ന വാക്കിനുപകരം

''പറഞ്ഞിരിക്കുന്ന'' എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

ക്ലിപ്ത നിബന്ധനയിൽ ''നഞ്ചിന്റെ'' എന്ന വാക്കിനുപകരം ''നഞ്ചിന്റെയോ മറ്റ് സസ്യജന്യ പദാർത്ഥങ്ങളുടെയോ നിയന്ത്രിത'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(227) ഖണ്ഡം 7-ന്റെ മാർജിനൽ ശീർഷകത്തിൽ "മത്സ്യ നശീകരണം''

എന്നീ വാക്കുകൾക്കു പകരം "മത്സ്യബന്ധനവും നശീകരണവും'' എന്നീ വാക്കുകൾ ചേർക്കുക

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

8-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

ഇനം (ഡി)-ക്കുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്

''(ഇ) ക്വാറന്റൈൻ നടപടികൾക്കും ഗുണമേന്മാ പരിശോധനകൾക്കും വിധേയമാക്കാതെ മത്സ്യകൃഷിക്കായി തദ്ദേശീയമല്ലാത്ത മത്സ്യങ്ങളുടേയും മത്സ്യ വിത്തുക്കളുടേയും ഉപയോഗപ്പെടുത്തൽ.''

(എഫ്) ഉൾനാടൻ ജലസ്രോതസ്സുകളുടെ സംവാഹകശേഷി കണക്കിലെടുക്കാതേയും വിവേചനരഹിതമായും മത്സ്യകൃഷി ചെയ്യൽ.

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

( 232) ഖണ്ഡം 8 (3)-ാം ഉപഖണ്ഡം താഴെപ്പറയും പ്രകാരം മാറ്റുക.

“(3) സർക്കാരിന് ചട്ടങ്ങൾ വഴി താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികളെ സംബന്ധിച്ച് സ്ഥിരമോ താല്ക്കാലികമോ ആയ പരിമിതപ്പെടുത്തലുകളോ, നിയന്ത്രണങ്ങളോ നിരോധനങ്ങളോ ഏർപ്പെടുത്താവുന്നതാണ്, അതായത് : ”

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

9-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

(248) ഖണ്ഡം 9(3)-ൽ അവസാനത്തെ ‘‘രൂപീകരിക്കേണ്ടതുണ്ട്’’ എന്ന വാക്കിനുപകരം ‘‘രൂപീകരിക്കേണ്ടതാണ്’’ എന്ന വാക്ക് ചേർക്കുക.

(251) ഖണ്ഡം 9(4)-ൽ ‘‘സേവന വ്യവസ്ഥകൾ’’ എന്നീ വാക്കുകൾക്കു പകരം ‘‘സേവനവേതന വ്യവസ്ഥകൾ’’ എന്നീ വാക്കുകൾ ചേർക്കുക.

(252) ഖണ്ഡം 9(4)-ൽ ‘‘കർത്തവ്യങ്ങളും ചുമതലകളും’’ എന്നീ വാക്കുകൾക്കുശേഷം ‘‘അധികാരങ്ങൾ’’ എന്ന വാക്ക് കൂടി ചേർക്കുക.

(255) ഖണ്ഡം 9(5)-ൽ ‘‘വിജ്ഞാപനം ചെയ്യാവുന്നതാണ്’’ എന്ന വാക്കുകൾക്കുപകരം ‘‘ വിജ്ഞാപനം ചെയ്യാവുന്നതുമാണ്’’ എന്നീ  വാക്കുകൾ ചേർക്കുക.

(260) ഖണ്ഡം 9(6)(എ) യിൽ അവസാന ഭാഗത്ത് ‘‘എന്നിവ നിർദ്ദേശിക്കാവുന്നതാണ്’’ എന്നീ വാക്കുകൾ ചേർക്കുക.

(265) ഖണ്ഡം 9(7) (ബി)-ൽ ‘‘ആരോഗ്യസ്ഥിതി’’ എന്ന വാക്കിനു

ശേഷം ''എന്നിവ'' എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>10-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

ഇനം (ബി)-ൽ ''ഏതൊരു'' എന്ന വാക്കിനുശേഷം ''അക്വാകൾച്ചർ'' എന്ന വാക്ക് നീക്കം ചെയ്യുകയും ''മത്സ്യ'' എന്ന വാക്ക് ചേർക്കുകയും വേണം.

270-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>12-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(3)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിലും (4)-ാം ഉപഖണ്ഡത്തിലും ''തനിക്ക്'' എന്ന വാക്കിനുപകരം ''അദ്ദേഹത്തിന്'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

280, 286 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>16-ാം വകുപ്പ്</u>

305-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>17-ാം വകുപ്പ്</u>

307, 312 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>19-ാം വകുപ്പ്</u>

317-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>24-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

(326) ഖണ്ഡം 24-ൽ ഒന്നാം വരിയിലെ "ഏതെങ്കിലും" എന്ന വാക്കിനു പകരം "എന്തെങ്കിലും" എന്ന വാക്ക് ചേർക്കുക.

(327) ഖണ്ഡം 24-ൽ "പകർച്ചവ്യാധിക്ക് കാരണമായേക്കുമെന്നോ" എന്നതിനുശേഷം "പരിസ്ഥിതിക്ക് ഹാനികരമെന്നോ " എന്നുകൂടി ചേർക്കുക.

(328) ഖണ്ഡം 24-ൽ "പകർച്ചവ്യാധിക്ക് കാരണമായേക്കുമെന്നോ" എന്നതിനുശേഷം "പരിസ്ഥിതിക്ക് ഹാനികരമെന്നോ " എന്നുകൂടി ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>25-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(329) ഖണ്ഡം 25 (1)-ൽ " അയാളെ ഉത്തരവ് അറിയിച്ച" എന്ന വാക്കുകൾക്കു പകരം " ആ ഉത്തരവ് കൈപ്പറ്റിയ " എന്നീ വാക്കുകൾ ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

26-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(334) ഖണ്ഡം 26 (1) (ഇ)-യിൽ " കമ്മീഷൻ പുറപ്പെടുവിക്കുന്നതിന് " എന്നീ വാക്കുകൾക്കു പകരം " കമ്മീഷനെ നിയമിക്കുന്നതിന് " എന്നീ വാക്കുകൾ ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

27-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(335) ഖണ്ഡം 27-ൽ "മുതൽ" എന്ന വാക്കിനു പകരം "കൈപ്പറ്റി" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

28-ാം വകുപ്പ്

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

(337) ഖണ്ഡം 28 (4)-ൽ " അതിർത്തികൾ വിവരിച്ചുകൊണ്ട് " എന്നീ വാക്കുകൾക്കു പകരം " അതിർത്തികളും മറ്റ് വിവരങ്ങളും അറിയിച്ചുകൊണ്ട് " എന്നീ വാക്കുകൾ ചേർക്കുക.

(338) ഖണ്ഡം 28 (5)-ൽ ഒന്നാംവരിയിൽ " ഉദ്യോഗസ്ഥർ" എന്ന വാക്കിന് പകരം " ഉദ്യോഗസ്ഥൻ " എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>32-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(343) ഖണ്ഡം 32 (4)-ൽ " തീയതി മുതൽ" എന്നീ വാക്കുകൾക്കു പകരം " ഉത്തരവ് കൈപ്പറ്റി " എന്നീ വാക്കുകൾ ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>33-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

ഉപഖണ്ഡം (3)-ൽ 8-ാം ഇനത്തിൽ " അക്വാകൾച്ചർ" എന്ന വാക്കിന് ശേഷം " (അഡാക്ക്) " എന്ന ചിഹ്നവും വാക്കും ചേർക്കേണ്ടതാണ്.

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

(344) ഖണ്ഡം 33 (2)-ൽ "ഗവൺമെന്റ് " എന്ന വാക്ക് നീക്കം ചെയ്യുക.

(349) ഖണ്ഡം 33 (4) (iii)-ാം ഇനത്തിൽ "എണ്ണം" എന്ന വാക്കിനു പകരം "ശേഷിയും എണ്ണവും" എന്നീ വാക്കുകൾ ചേർക്കുക.

(350) VI-ാം അദ്ധ്യായത്തിന്റെ ശീർഷകം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

" പിടിച്ചെടുക്കൽ, അറസ്റ്റ്, ശിക്ഷകൾ, രാജിയാക്കൽ"

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>34-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(352) ഖണ്ഡം 34 (1)-ലെ " ശരി " എന്ന വാക്ക് നീക്കം ചെയ്യുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>35-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(1) -ാം ഉപഖണ്ഡത്തിന്റെ (എ) ഇനത്തിൽ " അയാളാൽ സൃഷ്ടിക്കപ്പെടാൻ ആവശ്യപ്പെട്ടിട്ടുള്ളതോ" എന്ന വാക്കുകൾക്ക് പകരം "അയാൾക്ക് ലഭ്യമായതോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

(354) ഖണ്ഡം 35 (1) (എ)-യിൽ " അങ്ങനെയുള്ള ഏതൊരാളോടും" എന്നീ വാക്കുകൾക്ക് ശേഷം "അയാൾ " എന്ന വാക്കുകൂടി ചേർക്കുക.

(356) ഖണ്ഡം 35 (4)-ൽ " ഏതൊരാളോടും " എന്ന വാക്കിനു പകരം "ഏതൊരാളെയും " എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>38-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(368) ഖണ്ഡം 38-ൽ " ചുമതലപ്പെടുത്തപ്പെട്ട " എന്ന വാക്കിനുപകരം "ചുമത്തപ്പെട്ട " എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>39-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(370) ഖണ്ഡം 39 (1)-ൽ " പദവിയിൽ താഴെ " എന്ന വാക്കിനു പകരം "പദവിയിൽ താഴെയല്ലാത്ത " എന്നീ വാക്കുകൾ ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>41-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

(375) ഖണ്ഡം 41-ന്റെ മാർജിനൽ ശീർഷകം താഴെ പറയുംപ്രകാരം മാറ്റുക. "41. ഉൾനാടൻ ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികൾ -"

(378) ഖണ്ഡം 41 (1)-ൽ " സംസ്ഥാനത്തിൽ" എന്ന വാക്കിനുപകരം "സംസ്ഥാന തലത്തിൽ ഒരു" എന്നീ വാക്കുകൾ ചേർക്കുക.

(382) ഖണ്ഡം 41 (2) (ബി) താഴെപ്പറയുംവിധം ഭേദഗതി ചെയ്യുക:

" മൂന്ന് നിയമസഭാ സാമാജികർ, അതിലൊരാൾ വനിതയായിരിക്കണം".

(392) ഖണ്ഡം 41 (5) (സി)-യിൽ "3" എന്ന അക്കത്തിന് പകരം " മൂന്ന്" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>44-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(400) ഖണ്ഡം 44 (2) -ൽ "മേൽ ആക്ട്" എന്നീ വാക്കുകൾക്കു പകരം " ഈ ആക്ട്" എന്നീ വാക്കുകൾ ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>45-ാം വകുപ്പ്</u>

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(402) ഖണ്ഡം 45 (1) -ൽ "വിപരീതമല്ലാത്ത" എന്ന വാക്കിനു പകരം "വിപരീതമല്ലാത്തതുമായ" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. എസ്. ശർമ്മ</u>): 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ബിനോയ് വിശ്വം</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) <u>2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2010-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അവകാശലംഘന പ്രശ്നങ്ങൾ

(1) <u>അനുമതി നിഷേധിച്ചത്</u>

<u>മി. സ്പീക്കർ:</u> തിരുവനന്തപുരം, കമലേശ്വരം സോണി നിവാസിൽ സോണിലാലിന്റെ മരണം സംബന്ധിച്ച 01-07-2008-ലെ 1448, 25-11-2008

-ലെ 292 എന്നീ നമ്പർ നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് നൽകിയ മറുപടി പരസ്പരവിരുദ്ധമാണെന്നാരോപിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. എം.എ. വാഹീദ് നൽകിയ അവകാശലംഘന നോട്ടീസ്, 2010 മാർച്ച് 31-ന് നിയമ സഭയിൽ ചോദ്യോത്തരവേളയിൽ നക്ഷത്രച്ചിഹ്നമിട്ട 626-ാം നമ്പർ ചോദ്യത്തിനുത്തരം പറയവെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി യിൽ കേരളത്തിലെ വേതനം 100 രൂപയായി കുറയ്ക്കുവാൻ കേന്ദ്രം നിർദ്ദേശം നൽകിയെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞത് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന താണെന്നു കാണിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് നൽകിയ അവകാശ ലംഘന നോട്ടീസ്, കോട്ടയം മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നിർമ്മാണ ത്തിനു നൽകിയ പെർമിറ്റ് സംബന്ധിച്ച് 24-03-2010-ലെ 4058, 4059 നമ്പർ നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടി നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് കാണിച്ചുകൊണ്ട് ശ്രീ. പി.സി. ജോർജ് നൽകിയ അവകാശ ലംഘന നോട്ടീസ് എന്നിവയ്ക്ക് ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ച വിശദീകരണങ്ങ ളുടെ അടിസ്ഥാനത്തിൽ അനുമതി നിഷേധിക്കുന്നു.

(2) <u>പരിഗണനയിലിരിക്കുന്നത്</u>

ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്നാറിൽ സർക്കാർ ഭൂമിയാണെന്നു കാണിച്ചുകൊണ്ട് സ്ഥാപിച്ച ബോർഡ് ടാറ്റായുടെ ഭൂമിയിലാണെന്ന് ബഹു മാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി 16-07-2010-ന് സഭയിൽ പറഞ്ഞത് പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് നേരത്തെ പറഞ്ഞതിന് വിരുദ്ധമാ

ണെന്നും ഇത് സഭയുടെ അവകാശങ്ങളെ ലംഘിക്കുകയാണെന്നും കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കെതിരെ ശ്രീ. ജോസഫ് എം. പുതുശ്ശേരി നൽകിയ അവകാശ ലംഘന നോട്ടീസും അനധികൃത ലോട്ടറികൾക്ക് അനുമതി നൽകിയതിൽ ധനകാര്യ വകുപ്പുമന്ത്രി 25 കോടി രൂപയുടെ അഴിമതി നടത്തിയെന്ന് ശ്രീ. വി.ഡി. സതീശൻ എം.എൽ.എ. നിയമസഭയിൽ രേഖാമൂലം ആരോപണം ഉന്നയിച്ചതായി "ധനമന്ത്രിക്ക് 25 കോടി, പാർട്ടിക്ക് 100 കോടി" എന്ന തലക്കെട്ടിൽ ദീപികാ ദിനപ്പത്രത്തിൽ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇപ്രകാരം ഒരു ആരോപണം നിയമസഭയിൽ വന്നിട്ടില്ല എന്നിരിക്കെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക എന്ന ദുരുദ്ദേശ്യത്തോടെ വാർത്ത നൽകിയിരിക്കുന്നത് സഭയോടും സഭാംഗങ്ങളോടുമുള്ള അവകാശലംഘനമാണെന്ന് കാണിച്ചുകൊണ്ട് ദീപികാ ദിനപത്രത്തിനും ലേഖകനുമെതിരെ ശ്രീ.പി.ജയരാജൻ നൽകിയ അവകാശ ലംഘന നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

**പ്രമേയം**

<u>മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം</u>

മുഖ്യമന്ത്രി (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>): സഭ മുമ്പാകെ തൽക്കാലം മറ്റ് അത്യാവശ്യ ഔദ്യോഗിക ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

<u>മി.സ്പീക്കർ</u>: XII-ാം കേരള നിയമസഭയുടെ 2010 ജൂൺ 28-ന് ആരംഭിച്ച പതിനഞ്ചാം സമ്മേളനത്തിൽ ധനകാര്യ ബിസിനസ്സുകൾക്കു പുറമെ

മൂന്നാർ പ്രത്യേക ട്രിബ്യൂണൽ ബിൽ 2010, 2010-ലെ കേരള ഉൾനാടൻ ഫിഷറി ബിൽ എന്നിവ പാസ്സാക്കുകയും കേരളത്തിൽ വളർന്നു വരുന്ന തീവ്രവാദ പ്രവർത്തനങ്ങളെ ഒറ്റക്കെട്ടായി ചെറുക്കുന്നതിന് സമകാലീന പ്രാധാന്യമുള്ള വിഷയത്തെക്കുറിച്ച് റൂൾ 50 അനുസരിച്ച് ചർച്ച നടത്തുകയും ചെയ്തു. ഈ സെഷൻ വിജയകരമാക്കാൻ സഹായിച്ച എല്ലാവർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

(സഭ രാവിലെ 10.55-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)